(സി) മുഖ്യമന്ത്രി തലത്തിലും കൃഷിവകുപ്പുമന്ത്രി തലത്തിലും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. നേരിട്ടുതന്നെ കേന്ദ്ര കൃഷിമന്ത്രി, വാണിജ്യ മന്ത്രി എന്നിവരോട് ഇക്കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പ്രതികരണം പ്രശ്ന പരിഹാരത്തിന് സഹായകരമായിരുന്നില്ല.

15 (*221) നികുതിച്ചോർച്ച തടയുവാൻ നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. നൗഷാദ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിച്ചോർച്ച തടയുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഇക്കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് നികുതിച്ചോർച്ച ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നികുതിചോർച്ച തടയുന്നതിനുള്ള പരിശ്രമത്തിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സർക്കാർ ശ്രമിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നികുതിചോർച്ച തടയുന്നതിനും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുമായി 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും വാണിജ്യനികുതിവകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ഈ വകുപ്പിലെ അസ്സസ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരും ചരക്കുവാഹനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാപാര സ്ഥാപനങ്ങൾ ഗോഡൗണുകൾ തുടങ്ങിയവ പരിശോധിച്ച് നികുതിവെട്ടിപ്പ് തടയുവാൻ നടപടി സ്വീകരിച്ച് നികുതി വെട്ടിപ്പിന്റെ പഴുതുകൾ ഇല്ലാതാക്കുവാൻ സാധിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലും മറ്റും ചരക്കു വാഹനപരിശോധനയിൽ നികുതി വെട്ടിപ്പ് ബോദ്ധ്യമാക്കൽ നികുതി പിഴയും ഈടാക്കി വരുന്നു.

വ്യാപാര സാധനങ്ങളുടെ വില കുറച്ചുകാണിച്ച് നികുതിവെട്ടിപ്പു നടത്തുന്നത് തടയുവാനായി വില്പനനികുതി നിയമത്തിലെ "19 സി" വകുപ്പു പ്രകാരം നടപടിയെടുക്കാറുണ്ട്. ചെക്ക്പോസ്റ്റുകളിലൂടെ അന്യസംസ്ഥാനത്തേയ്ക്ക് എന്ന വ്യാജേന കടത്തി സംസ്ഥാനത്തിനകത്ത് വില്പന നടത്തി നികുതി വെട്ടിപ്പ് നടത്തുന്നതു തടയുവാനായി നികുതി നിയമം '30 സി' വകുപ്പു പ്രകാരം ട്രാൻസിറ്റ് പാസ്സ് സമ്പ്രദായം ഏർപ്പെടുത്തി. ആദ്യവില്പനയിൽ വില കുറച്ചു കാണിച്ച് നികുതി വെട്ടിപ്പു നടത്തുന്ന സാധനങ്ങളെ വിൽപ്പന നികുതി നിയമം 5-ാം പട്ടികയിൽ ഉൾപ്പെടുത്തി ദ്വിമുഖ നികുതി വസൂലാക്കി വരുന്നു. ചെക്ക്പോസ്റ്റുകൾ വഴി വരുന്ന ചരക്കുവാഹനങ്ങൾ മിന്നൽ പരിശോധന നടത്തി ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വരുന്നു. പ്രധാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് നികുതി വെട്ടിപ്പിന്റെ മാർഗ്ഗങ്ങൾ പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവയ്ക്ക് പുറമേ തലച്ചുമടായും മൃഗങ്ങളെ ഉപയോഗിച്ചും ഏലം തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങൾ സംസ്ഥാന അതിർത്തികളിലൂടെ കടത്തിക്കൊണ്ട് പോകുന്നത് നിയമാനുസൃതം തടഞ്ഞുവരുന്നു. സാധനങ്ങളുടെ നികുതിനിരക്കുകൾ അയൽസംസ്ഥാനങ്ങളിലേതുമായി ഏകീകരിച്ച് നികുതി വെട്ടിപ്പിന്റെ പ്രവണത തടയുവാൻ ശ്രമിച്ചു വരുന്നു.

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ അസസ്മെന്റ് വിഭാഗം, ഇന്റലിജൻസ് വിഭാഗം, ചെക്ക്പോസ്റ്റ് എന്നിവ വഴി നടത്തിയ പരിശോധനയിൽ കണ്ടു പിടിക്കപ്പെട്ട നികുതിവെട്ടിപ്പിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉൽപ്പാദനവിപണന മേഖലകളിലാണ് നികുതി ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) നികുതി വെട്ടിപ്പിനെപ്പറ്റി വിവരം നൽകുന്നവർക്ക് ഗ്രാന്റ് ഓഫ് റിവാർഡ് റൂൾസ് പ്രകാരം പാരിതോഷികം നൽകുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്.

16 (*222) ദക്ഷിണ റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണന

ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഓടുന്ന വണ്ടികളുടെ പഴയ ബോഗികൾ മാറ്റി പുതിയ ബോഗികൾ അനുവദിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി വിപുലീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ ട്രെയിൻ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) :

(എ) മംഗലാപുരം-ഷൊർണ്ണൂർ, കൊല്ലം-തിരുവനന്തപുരം റെയിൽവേ ലൈനുകൾ ഇരട്ടിപ്പിക്കുക, കൊല്ലം-ചെങ്കോട്ട മീറ്റർ ഗേജ് റെയിൽവേ ലൈൻ ബ്രോഡ്ഗേജാക്കുക, ഈറോഡ്-എറണാകുളം ലൈൻ വൈദ്യുതീകരണം പൂർത്തിയാക്കുക, എറണാകുളം മുതൽ തിരുവനന്തപുരം വരെയും ഷൊർണ്ണൂർ മുതൽ കാസർഗോഡ് വരെയുമുള്ള റെയിൽവേ ലൈൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly